## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2919 17.10.2016 – ൽ മറുപടിയ്ക്ക്

## മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മണി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.ഒ.ആർ.കേളു | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജാതി-മത ചിന്തകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി SC/ST ഒഴികെയുള്ള വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് നിലവിൽ എന്തൊക്കെ സഹായമാണ് നല്കി വരുന്നത് ; ഇപ്പോൾ ഇവർക്ക് നൽകി വരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | SC/ST ഒഴികെയുള്ള മിശ്ര വിവാഹിതർക്ക് 30,000/-രൂപ ധനസഹായം സാമൂഹ്യനീതി വകുപ്പ് വഴി നൽകി വരുന്നു. |
| (സി) | ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; അപേക്ഷ സമർപ്പിക്കേണ്ടതെവിടെയെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളെന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (സി) | മിശ്ര വിവാഹം ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 50,000/- രൂപയാണ്. മിശ്ര വിവാഹിതർ വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം തുടർന്നുള്ള രണ്ട് വർഷത്തിനകം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുമ്പാകെ ധനസഹായം ലഭ്യമാകുന്നതിനുള്ള അപേക്ഷ സമർപ്പിക്കണം.<br>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ<br>1 ദമ്പതിമാരുടെ ജാതി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്. |

| | | | |
|---|---|---|---|
| | | | 2 വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്.<br>3 മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് (കോർപ്പറേഷൻ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി)<br>4 ദമ്പതിമാർ ഒരുമിച്ച് താമസിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തിയ ഗസറ്റഡ് ഓഫീസറുടെയോ /എം.പി./എം.എൽ.എ യുടെയോ സർട്ടിഫിക്കറ്റ്. |
| (ഡി) | അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിയും മറ്റു മാനദണ്ഡങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വരുമാന പരിധിയും കാലോചിതമായി പരിഷ്കരിച്ചു വരുന്നു. 20.09.2015 ലെ സ.ഉ(എം.എസ്) നം.63/2015/സാനീവ ഉത്തരവ് പ്രകാരം മിശ്ര വിവാഹ ധനസഹായത്തിനുള്ള അപേക്ഷ നൽകുന്നതിന്റെ വരുമാന പരിധി 22,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**